ജി4-11330/2018 (2)

കളക്ടറേറ്റ്, ആലപ്പുഴ
തീയതി : 11/01/2022
ഫോൺ - 0477 2251675,2251676
ഫാക്സ് - 0477 2251720
E-mail - dcalp@kerala.nic.in
Website - www.alappuzha.nic.in

പ്രേഷകൻ

ജില്ലാ കളക്ടർ
ആലപ്പുഴ

സ്വീകർത്താവ്

സ്പെഷ്യൽ തഹസിൽദാർ
എൽ.എ (ജനറൽ)
ആലപ്പുഴ

സർ,

വിഷയം :- ഭൂമി ഏറ്റെടുക്കൽ- ചെങ്ങന്നൂർ താലൂക്ക്-കൈപ്പാലക്കടവ് പാലം നിർമ്മാണം-സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ -വിദഗ്ധസമിതി റിപ്പോർട്ട് പരസ്യപ്പെടുത്തുന്നത്-സംബന്ധിച്ച്

സൂചന :-05/01/2022 തീയതി ചേർന്ന വിദഗ്ധസമിതിയുടെ റിപ്പോർട്ട്

*****

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.ചെങ്ങന്നൂർ താലൂക്കിൽ കൈപ്പാലക്കടവ് പാലം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ സാമൂഹ്യ പ്രത്യാഘാത പഠനയൂണിറ്റ് സമർപ്പിച്ചിട്ടുള്ള പഠനറിപ്പോർട്ട് മേൽപരിശോധന നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതി 05/01/2022 തീയതി യോഗം ചേർന്നിട്ടുള്ളതും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ടി റിപ്പോർട്ട് LARR Act 2013 സെക്ഷൻ 7(6), LARR Rules, 2015 റൂൾ 16 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളതിൻ പ്രകാരം (ജില്ലാ കളക്ടറുടെ ഓഫീസ് ഒഴികെ) അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം നൽകുന്നു. ആയത് പ്രസിദ്ധീകരിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഈ ആഫീസ്സിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ)
ജില്ലാ കളക്ടർക്കു വേണ്ടി

ഉള്ളടക്കം -പഠനറിപ്പോർട്ട്

പകർപ്പ്

1) ജില്ലാ ഇൻഫർമാറ്റിക്ക് ഓഫീസർ (NIC), ആലപ്പുഴ:- (ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന് )
2) ഹുസ്സൂർ ശിരസ്തദാർ, കളക്ടറേറ്റ്, ആലപ്പുഴ - ഇതോടൊപ്പമുള്ള വിജ്ഞാപനം നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തി സാക്ഷ്യപത്രം നൽകേണ്ടതാണ്.
3) എക്സിക്യൂട്ടിവ് എഞ്ചിനിയർ, PWD (പാലം വിഭാഗം) ആലപ്പുഴ -അറിവിലേക്ക്

**ആലപ്പുഴ ജില്ലയിൽ കൈപ്പാലക്കടവ് പാലം നിർമ്മിക്കുന്നതിന് വേണ്ടി ചെങ്ങന്നൂർ താലൂക്കിലെ ചെങ്ങന്നൂർ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ <u>പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്മേൽ</u> വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട്**

***തീയതി : 06.01.2022***

ആലപ്പുഴ ജില്ലയിൽ കൈപ്പാലക്കടവ് പാലം നിർമ്മിക്കുന്നതിനുവേണ്ടി ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട ചെങ്ങന്നൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ നിന്ന് 58.99 ആർസ് ഭൂമി 2013 ലെ RFCTLARR നിയമപ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രിമതി.പ്രിൻസി ജേക്കബ്, പറമ്പത്തുശ്ശേരി വീട്, ആലിഞ്ചുവട്, ഇടപ്പള്ളി, എറണാകുളം എന്ന സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലാകളക്ടറുടെ 20/12/2021 തീയതിയിലെ നം.ജി4-11330/2018 നടപടിക്രമം പ്രകാരം രൂപീകൃതമായ വിദഗ്ദ്ധ സമിതി 05/01/2022 തീയതിയിൽ പദ്ധതിപ്രദേശം സന്ദർശിക്കുകയും മംഗലം ഹെൽത്ത് സെൻററിന്റെ സമീപത്തുള്ള അംഗനവാടിയിൽ പകൽ 12 മണിക്ക് യോഗം ചേരുകയും ചെയ്തു.

***യോഗത്തിൽ പങ്കെടുത്ത* വിദഗ്ദ്ധ സമിതി *അംഗങ്ങൾ***

1. ശ്രീമതി. മീന കുരുവിള (ഒപ്പ്)
   വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ

2. ശ്രീമതി. നസിമോൾ പി.എം. (ഒപ്പ്)
   സീനിയർ ക്ലാർക്ക്
   കളക്ട്രേറ്റ്
   ആലപ്പുഴ
   (ശ്രീമതി. ശോഭ എസ്.
   ഡെപ്യൂട്ടി കളക്ടർ (എൽ.എ)
   ആലപ്പുഴയ്ക്ക് വേണ്ടി)

3. ശ്രീ.സന്തോഷ്കുമാർ കെ.എസ്. (ഒപ്പ്)
   സ്പെഷ്യൽ തഹസിൽദാർ
   എൽ.എ.(ജനറൽ)
   ആലപ്പുഴ

4. ശ്രീ. പ്രശാന്ത്.എസ്.,
   അസിസ്റ്റൻറ് എഞ്ചിനീയർ
   (ഡോ.സിനി.എ. (ഒപ്പ്)
   എക്സിക്യൂട്ടിവ് എഞ്ചിനീയർ
   പൊതുമരാമത്ത് വകുപ്പ്(പാലം)
   ആലപ്പുഴയ്ക്ക് വേണ്ടി)

5. ശ്രീമതി. മരിയ ടെൻസി വി.എസ്. (ഒപ്പ്)
   സോഷ്യൽ സയൻറിസ്റ്റ്

6. ശ്രീമതി. ലതിക രഘു (ഒപ്പ്)
കൗൺസിലർ, വാർഡ് നമ്പർ :7
ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

7. കുമാരി. അർച്ചന കെ. ഗോപി (ഒപ്പ്)
കൗൺസിലർ, വാർഡ് നമ്പർ :8
ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

***വിലയിരുത്തലുകൾ***

- ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിലെ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട ഇടനാട്, മംഗലം എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് വരട്ടാറിന് കുറുകെ നിർമ്മിക്കപ്പെട്ട കൈപ്പാലക്കടവ് പാലത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രദേശത്തിൻെറ സമഗ്ര വികസനത്തിനായാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നതിനാൽ പദ്ധതി ടി പ്രദേശത്തിൻെറ ഒരു പൊതു ആവശ്യമാണ്. നിർദ്ദിഷ്ട പദ്ധതി RFCTLARR നിയമം 2013 സെക്ഷൻ 2(1)ബി(i) ൽ ഉൾപ്പെട്ടിട്ടുള്ള പൊതു ആവശ്യത്തിൻ കീഴിൽ ഉൾപ്പെടുന്നു.
- പദ്ധതിമൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള നേട്ടങ്ങളും വികസന സാധ്യതയും കണക്കിലെടുക്കുമ്പോൾ പദ്ധതിയ്ക്ക് കുറഞ്ഞ സാമൂഹ്യ പ്രത്യാഘാതങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്ന് വിലയിരുത്തുന്നു.
- പദ്ധതിക്ക് ആവശ്യമായ 58.99 ആർസ് സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്.

***ശുപാർശകൾ***

- പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം എത്രയും പെട്ടെന്ന് തന്നെ നൽകുക
- ഭൂമി ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം ഉടമക്ക് ഉപയോഗപ്രദമല്ല എന്നതിനാൽ ടി സ്ഥലം കൂടി ഏറ്റെടുക്കണമെന്ന ഒരു ഭൂവുടമയുടെ ആവശ്യം നിയമത്തിൻെറ പരിധിയിൽ നിന്ന് സാധ്യമായ വിധത്തിൽ പരിഗണിക്കുക
- നഷ്ടപരിഹാര നടപടികൾ വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണ്

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട ചെങ്ങന്നൂർ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോട്ട് സമഗ്ര റിപ്പോർട്ടാണെന്ന് വിദഗ്ദ്ധസംഘം വിലയിരുത്തുന്നു. ആയതിനാൽ മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന ശുപാർശകൾ കൂടി പരിഗണിച്ച് RFCTLARR നിയമം 2013 ഉം ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS) No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ

പ്രകാരമുള്ള നഷ്ടപരിഹാരം, പുനസ്ഥാപനം എന്നിവ പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകി കൈപ്പാലക്കടവ് പാലം നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാമെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

വിദഗ്ദ്ധസമിതിക്ക് വേണ്ടി:

Meenakurivilla

മീന കുരുവിള
ചെയർപേഴ്സൺ